# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2776</u>　　　　<u>19.12.12 -ലെ മറുപടിക്ക്</u>

<u>പൊന്നാനി കോട്ടത്തറയിലെ എസ്.സി.ഐ.ടി.ഐ</u>

| ചോദ്യം<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ഉത്തരം<br>ബഹു.ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
|---|---|
| (എ) പൊന്നാനി കോട്ടത്തറയിൽ പ്രവർത്തിച്ചു വരുന്ന എസ്.സി.ഐ.ടി.ഐ യിൽ പതിറ്റാണ്ടുകൾക്ക് മുമ്പ് തുടങ്ങിയ ഒരു ഇലക്ട്രീഷൻ കോഴ്സ് മാത്രമാണ് ഉള്ളതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: | (എ) ഉണ്ട് |
| (ബി) പ്രസ്തുത സ്ഥാപനത്തിന് ധാരാളം സ്ഥലമുണ്ടെങ്കിലും പുതിയ കോഴ്സുകൾക്കായി കെട്ടിടമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: | (ബി) ഉണ്ട് |
| (സി) തൊഴിൽ സാദ്ധ്യതയുള്ള കോഴ്സുകൾ പഠിയ്ക്കുന്നതിനുള്ള അവസരം പ്രദേശത്തെ എസ്.സി. വിഭാഗം വിദ്യാർത്ഥികൾക്ക് ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:<br>(ഡി) എങ്കിൽ പുതിയ ട്രേഡുകളും കെട്ടിട സൗകര്യങ്ങളും ഒരുക്കി പ്രദേശത്തെ എസ്.സി കുട്ടികൾക്ക് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുമോ; വിശദമാക്കാമോ? | (സി & ഡി) ഇല്ല. നിലവിലുള്ള ഇലക്ട്രീഷൻ ട്രേഡിലേക്ക് പ്രവേശനം നൽകുന്നത് 80% പട്ടികജാതി, 10 % പട്ടികവർഗ്ഗം, 10% മറ്റു ജാതിക്കാർ എന്ന അനുപാതത്തിലാണ്. വകുപ്പിന് കീഴിലുള്ള പൊന്നാനി ഗവ. ഐ. ടി.ഐ യിൽ നിലവിൽ പരിശീലനം നൽകി വരുന്ന ഇലക്ട്രീഷൻ ട്രേഡിനോപ്പം രണ്ട് വർഷം പരിശീലന ദൈർഘ്യമുള്ള Mechanic (Motor Vehicle) എന്ന NCVT ട്രേഡ് കൂടി ആരംഭിക്കുന്നതിന് Revamping of ITI പദ്ധതിയിൽ ഉൾപ്പെടുത്തി 29.02.12 -ലെ സ.ഉ (സാധാ) നം.341/12/പജപവവിവ പ്രകാരം പൊന്നാനി ഗവ. ഐ.റ്റി.ഐ ഉൾപ്പെടെ 20 ഐ.റ്റി.ഐ കളിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ